(ബി) അതായത് സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന വായ്പാപരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം വായ്പയെടുക്കുന്നത്. 13-ാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ധനഉത്തരവാദിത്ത നിയമത്തിൽ നിഷ്കർഷിക്കുന്ന Debt-GSDP അനുപാതത്തിനുള്ളിൽത്തന്നെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത നിലനിർത്തുവാൻ സാധിച്ചിട്ടുള്ളതിനാൽ പൊതുകടം വർദ്ധിക്കുന്നുവെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

ശമ്പള പരിഷ്കരണ റിപ്പോർട്ടിന്റെ കാലതാമസം

56 (1880) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പളപരിഷ്കരണ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) കാലതാമസം ഒഴിവാക്കി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ; ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കാലതാമസം വരാതെ ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാലതാമസം വരാതെ ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഇടക്കാലാശ്വാസം നൽകുന്ന കാര്യം പരിഗണനയിലില്ല.

കോൺട്രാക്ടർമാർക്ക് നൽകാനുള്ള സംഖ്യ

57 (1881) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കോൺട്രാക്ടർമാർക്ക് നല്കി തീർക്കാനുള്ള സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കോൺട്രാക്ടർമാർക്ക് നല്കി തീർക്കാനുള്ള സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര കോടി രൂപയുടെ കടപത്രമാണ് പുറപ്പെടുവിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഭരണ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിൽ ലഭ്യമായ ലെറ്റർ ഓഫ് ക്രെഡിറ്റ് നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം, കെട്ടിടം), ജലവിഭവം എന്നീ വകുപ്പുകളിലായി ആകെ 1604.49 കോടി രൂപയുടെ കടിശ്ചിക കോൺട്രാക്ടർമാർക്ക് നൽകാനുണ്ട്.

(സി) 2015-16 വർഷത്തെ ആദ്യ മൂന്ന് പാദങ്ങളിലേക്ക് 11,500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നതിനുള്ള അനുമതിയാണ് കേന്ദ്രമന്ത്രാലയം സംസ്ഥാനത്തിന് നൽകിയിട്ടുള്ളത്. ഇതിൽ 2015 നവംബർ 30 വരെ 10,450 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

ഇ-ഫയൽ സംവിധാനം

58 (1882) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനവകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരുന്നത്. പ്രസ്തുത സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു: